"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിൽ ബുധനൂർ ഗ്രാമ പഞ്ചായത്ത് കുട്ടമ്പേരൂർ ആറിന്റെ തീരത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനും പാർക്ക് നിർമ്മിക്കുന്നതിനുംവേണ്ടി PEAIS അവാർഡ് തുകയിൽ നിന്ന് 50 ലക്ഷം രൂപ ബുധനൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

സ.ഉ.(സാധാ) നം.619/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1. 06.06.2018-ലെ സ.ഉ.(സാധാ) നം.1552/2018/ത.സ്വ.ഭ.വ.

2. 18.12.2019-ലെ സ.ഉ.(സാധാ) നം.2879/2019/ത.സ്വ.ഭ.വ.

3. പഞ്ചായത്ത് ഡയറക്ടറുടെ 01.07.2020, 18.09.2020 എന്നീ തീയതികളിലെ PAN/14546/2019-F3(DP) നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയ PEAIS (PEAIS - Panchayat Empowerement and Accountability Incentive Scheme) അവാർഡ് തുക സംസ്ഥാനത്ത് പിന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകളുടെ വികസനത്തിനായും വിഭവ സ്രോതസ്സുകൾ വികസിപ്പിയ്ക്കുന്നതിനുമുള്ള പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുന്നതിനായാണ് നിർദ്ദേശിച്ചിരിക്കുന്നത്. അപ്രകാരം, കേരളത്തിന് ലഭിച്ചിട്ടുള്ള പ്രസ്തുത അവാർഡ് തുകയിൽ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിൽ നിന്നും 10 ലക്ഷം രൂപ ആലപ്പുഴ ജില്ലയിലെ കുട്ടംപേരൂർ ആറിന്റെ അതിർത്തി നിർണയിച്ച് സംരക്ഷിക്കുന്നതിനും ഇതിനായി നടത്തേണ്ടുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ബുധനൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, കുട്ടംപേരൂർ ആറിന്റെ ഇരു കരകളിലും ബണ്ടുകൾ നിർമ്മിച്ച് ജൈവ പാർക്കും ജൈവസങ്കേതവുമാക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് വേണ്ടി 25 ലക്ഷം രൂപയും ബുധനൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച്

പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) കുട്ടമ്പേരൂർ ആറിന്റെ തീരത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും പാർക്ക് നിർമ്മിക്കുന്നതിനും Harmonious Development through Kuttamperoor Ripple (HDKR) എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും, ഇതിനായി സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പാക്കുന്നതിനുമായി മൊത്തം 2,20,56,750 രൂപ ചെലവു വരുമെന്നും ആയതിലേക്ക് 1,84,00,000/- രൂപ PEAIS ഫണ്ടിൽ നിന്നും അനുവദിച്ച് നൽകാൻ ബുധനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും സമർപ്പിച്ച അപേക്ഷകൾ പരാമർശം 3-ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. PEAIS ഫണ്ടിൽ നിന്നും ലഭിച്ച ആകെ തുകയായ 35,00,000/- (മുപ്പത്തിയഞ്ച് ലക്ഷം) രൂപയിൽ നിന്നും 10,58,738/-രൂപ ചിലവഴിച്ചിട്ടുള്ളതും ആയതിന്റെ ബാക്കിയായ 24,41,262/- രൂപയും, ഇറിഗേഷൻ വകുപ്പിൽ നിന്നും തിരികെ ലഭിച്ച 1,45,853 രൂപയും ഉൾപ്പെടെ ബാലൻസ് തുകയായ 25,87,115/-രൂപ എസ്.ബി.ഐ.-യുടെ എണ്ണക്കാട് ശാഖയിൽ നിക്ഷേപിച്ചിട്ടുള്ളതായും ആദ്യ ഘട്ടത്തിൽ നൽകിയ 10 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസലിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും, ആറിന്റെ തുടർ പ്രവർത്തനങ്ങൾക്കായി രണ്ടാം ഘട്ടത്തിൽ നൽകിയ 25 ലക്ഷം രൂപ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ഡി.പി.സി അംഗീകാരത്തോടെ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത പദ്ധതിക്ക് PEAIS ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള അപേക്ഷ പരിഗണനാർഹമാണെന്നും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ലഭിച്ച PEAIS (PEAIS- Panchayat Empowerement and Accountability Incentive Scheme) അവാർഡ് തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിൽ നിന്നും ആലപ്പുഴ ജില്ലയിലെ കുട്ടംപേരൂർ ആറിന്റെ തീരത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനും പാർക്ക് നിർമ്മിക്കുന്നതിനുംവേണ്ടി 50 ലക്ഷം രൂപ ബുധനൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ബുധനൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ആർസി4/93/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>

1. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്
2. തദ്ദേശ സ്വയംഭരണവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)യുടെ സി.എ.യ്ക്ക്